വി.പി അസ്ഖലാനി
asqalvp8@gmail.com

# ഹൃദയത്തിൽനിന്നാണ് ആ കണ്ണീർ

عن أبي هريرة قَالَ: قالَ رسُولُ اللَّهِ صلى الله عليه وسلم: لا يَلِجُ النَّارَ رَجُلٌ بَكَى مِنْ خَشيَةِ اللَّه حَتَّى يَعُودَ اللَّبَنُ فِي الضَّرْعِ (الترمذي)

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: റസൂൽ (സ) പറഞ്ഞു: ''അല്ലാഹുവോടുള്ള ഭയഭക്തിയാൽ കരഞ്ഞവൻ നരകത്തിൽ പ്രവേശിക്കുകയില്ല, കറന്നെടുത്ത പാൽ അകിടിലേക്ക് തിരിച്ച് കയറുന്നതു വരെ'' (തിർമിദി)**

അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവരുടെ മുഖ്യ ലക്ഷ്യങ്ങളിലൊന്നാണ് നരകവിമുക്തി. അല്ലാഹു പറയുന്നു: ''ആർ നരകത്തിൽനിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിക്കപ്പെടുകയും ചെയ്തുവോ, അവനാണ് വിജയിച്ചത്'' (*അലു ഇംറാൻ* 185).

മേൽകൊടുത്ത നബിവചനത്തിൽ നരകമോക്ഷം ഉറപ്പുവരുത്തുന്ന ഒരു മാർഗം പഠിപ്പിക്കപ്പെടുകയാണ്. മനുഷ്യവികാരങ്ങളിലൊന്നായ കരച്ചിൽ, അല്ലാഹുവോടുള്ള ഭയഭക്തി നിമിത്തമായിത്തീരുമ്പോൾ അത് പാപകൂമ്പാരങ്ങളെ ഉരുക്കിക്കളയാൻ പ്രാപ്തമാണ്. നരകമുക്തിയുടെ കാരണങ്ങളിലൊന്നായി അത് മാറുന്നു. കൈകളുയർത്തി നിഷ്കളങ്ക ഹൃദയത്തോടെ അല്ലാഹുവിന്റെ മുന്നിൽ കരയുക എന്നത് സ്രഷ്ടാവിന്റെ മുമ്പിൽ സത്യവിശ്വാസി തന്റെ നിസ്സഹായത ബോധ്യപ്പെടുത്തലാണ്. സർവ പ്രപഞ്ചത്തിന്റെയും അധിപന്റെ മുന്നിൽ ഞാനിതാ നിസ്സഹായനാണ് എന്നാണ് നനവാർന്ന കണ്ണിന് പറയാനുള്ളത്. അല്ലാഹുവിന്റെ മുന്നിൽ താൻ ഒന്നുമല്ലെന്ന തിരിച്ചറിവിലൂടെ കൈവരിക്കുന്ന ഭയഭക്തി വിശ്വാസിയെ വിങ്ങി കരയിപ്പിക്കുന്നു. വിശുദ്ധ ഖുർആൻ വിശ്വാസികളുടെ ഗുണഗണങ്ങൾ പറഞ്ഞിടത്ത്, 'അവർ അല്ലാഹുവിലേക്ക് കരഞ്ഞുകൊണ്ട് മുഖം കുത്തി വീഴുന്നവരാണ്' (*ഇസ്റാഅ്* 109) എന്ന് പറഞ്ഞിരിക്കുന്നു. അല്ലാഹുവോടുള്ള ഭയത്താൽ കരയുന്നത് മനുഷ്യന്റെ ഏറ്റവും സത്യസന്ധമായ വികാരപ്രകടനമാണ്. ഹൃദയങ്ങളിൽനിന്നേ ആ കരച്ചിൽ വരൂ. അതിനാൽ കണ്ണീർ വാർത്ത കണ്ണിനെ ഒരിക്കലും നരകാഗ്നി സ്പർശിക്കുകയില്ല, കാരണം കണ്ണ് ഹൃദയത്തെയാണ് പിന്തുടരുന്നത്.

കണ്ണിൽനിന്ന് ഉറ്റിവീഴുന്ന കണ്ണുനീർ തുള്ളികൾ ഹൃദയനൈർമല്യത്തിന്റെയും ഈമാനിന്റെയും അടയാളമാണ്. വരൾച്ച ബാധിച്ച കണ്ണുകളാവട്ടെ ഹൃദയകാഠിന്യത്തിന്റെ അടയാളവുമാണ്. ഇമാം ഇബ്നുൽ ഖയ്യിമിന്റെ 'ബദാഇഉൽ ഫവാഇദി'ൽ പറയുന്നു: ''ഹൃദയം കഠിനമാവുമ്പോഴാണ് കണ്ണിന് വരൾച്ച ബാധിക്കുക. റഹ്മാനായ നാഥനെ ഓർത്ത് കണ്ണീർ വാർക്കാത്തവന്റെ ഹൃദയമാവുന്നു അല്ലാഹുവിൽനിന്ന് ഏറ്റവും അകലെയുള്ളത്.''

തന്നെ ഓർത്ത് കരഞ്ഞവന്റെ കണ്ണുനീരാണ് അല്ലാഹുവിങ്കൽ ഏറ്റവും പ്രിയങ്കരമായ കണ്ണുനീർ എന്ന് മറ്റൊരു ഹദീസിൽ കാണാം. അല്ലാഹുവോട് ഭയമില്ലാത്ത ഒരു ഹൃദയം തനിക്ക് നൽകരുതേ എന്ന് റസൂൽ (സ) ശരണം തേടിയിരുന്നു.

റസൂൽ (സ) നമസ്കാരത്തിന് നിന്നപ്പോൾ അദ്ദേഹത്തിന്റെ കവിൾത്തടങ്ങളും വസ്ത്രങ്ങളും പിന്നീട് സുജൂദ് ചെയ്യുന്ന സ്ഥലവും കണ്ണീരിനാൽ നനഞ്ഞു എന്ന് നബിപത്നി ആഇശ(റ) റിപ്പോർട്ട് ചെയ്യുന്നുണ്ട്. ധാരാളമായി കരഞ്ഞതു കാരണം ഖലീഫ ഉമറി(റ)ന്റെ കവിളുകളിൽ രണ്ട് കറുത്ത പാടുകൾ ഉണ്ടായിരുന്നുവെന്ന് ചരിത്രം.

പരലോകത്ത് കത്തിയാളുന്ന ചൂടിൽ അല്ലാഹുവിന്റെ അർശിന്റെ തണൽ ലഭിക്കുന്ന ഏഴു വിഭാഗങ്ങളെ റസൂൽ (സ) എണ്ണിയപ്പോൾ അവരിൽ ഒരു കൂട്ടർ, ഒറ്റക്കിരുന്ന് അല്ലാഹുവിനെ ഓർത്ത് കണ്ണീർ വാർത്തവർ ആയിരുന്നു.

നമ്മുടെ തെറ്റുകൾ നാം ഏറ്റുപറയുമ്പോൾ മനസ്സ് കുറ്റബോധത്താൽ നിറയണം. തെറ്റ് വലുതാണോ ചെറുതാണോ എന്നതല്ല കാര്യം. ആ തെറ്റിലൂടെ ഞാൻ എന്റെ നാഥനെ ധിക്കരിക്കുകയാണല്ലോ എന്ന ബോധം മനസ്സിൽ വല്ലാത്ത നീറ്റലുണ്ടാക്കും. അത് കണ്ണ് നനയിപ്പിക്കും. ആ കണ്ണുനീരിനൊപ്പം മനസ്സ് ആശ്വാസം കണ്ടെത്തും. ഒറ്റക്കിരുന്ന് അല്ലാഹുവിനെക്കുറിച്ച് ആലോചിക്കുമ്പോൾ, നമ്മുടെ കണ്ണുകൾ നിറയാറുണ്ടോ? ●

**തിരുത്ത്**

കഴിഞ്ഞ ലക്കം ഹദീസ് പംക്തിയിൽ പ്രസിദ്ധീകരിച്ച ഹദീസിന്റെ തുടക്കത്തിൽ مَا مِثْلُ الدُّنْيَا എന്നത് مَا الدُّنْيَا എന്ന് തിരുത്തി വായിക്കുക.

*പത്രാധിപർ*